(ഡി) വൈദ്യുതി വിതരണം വ്യവസായ സ്ഥാപനങ്ങൾക്ക് പൂർണ്ണമായി നിർത്തിയതിനെ തുടർന്നാണ് ലേ ഓഫ് പ്രഖ്യാപിച്ചത്. എന്നാൽ കടുത്ത സാമ്പത്തിക പരാധീനത കമ്പനിക്കുണ്ടായതുമൂലമാണ് ഇപ്പോഴും തുറന്നു പ്രവർത്തിപ്പിക്കുവാൻ കഴിയാത്തത്.

ഈ ഫാക്ടറി തുറന്നു ലാഭകരമായി പ്രവർത്തിക്കുവാൻ വേണ്ട പുനരുദ്ധാരണ പദ്ധതി തയ്യാറാക്കാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്.

ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസിലെ ലേ ഓഫ്

284 [352] ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമേഖലാ സ്ഥാപനമായ ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസിലെ ലേ ഓഫ് പിൻവലിച്ചതിനു ശേഷവും സീനിയർ മോസ്റ്റ് ജീവനക്കാർ ഇപ്പോഴും പുറത്ത് നിൽക്കുകയാണെന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) ഇവരെ ജോലിയിൽ പ്രവേശിപ്പിക്കാൻ കമ്പനി മാനേജുമെന്റിന് നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) 27-8-1986-ൽ ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസിലെ ലേ ഓഫ് പിൻവലിച്ചു. പ്ലാന്റുകളുടെ പ്രവർത്തനത്തിന്റെ പുരോഗതിയനുസരിച്ച് തൊഴിലാളികളെ തിരിച്ച് വിളിച്ച് ക്കൊണ്ടിരുന്നു. ഇപ്പോഴും ആരുംതന്നെ ലേ ഓഫിൽ ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

കേരള സിറാമിക്സിന്റെ നഷ്ടം

285 [353] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കേരള സിറാമിക്സ് എന്ന പൊതുമേഖലാ വ്യവസായ സ്ഥാപനം, 1982-83 സാമ്പത്തികവർഷം മുതൽ 1985-86 സാമ്പത്തികവർഷം വരെയുള്ള കാലയളവിൽ (വർഷങ്ങളിൽ) വരുത്തിയ നഷ്ടം ഓരോ വർഷവും എത്രയാണെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

കേരള സിറാമിക്സ് 1982-83 സാമ്പത്തികവർഷം മുതൽ 1985-86 സാമ്പത്തികവർഷം വരെയുള്ള കാലയളവിൽ വരുത്തിയ നഷ്ടം താഴെപ്പറയും പ്രകാരമാണ്.

1982-83	95.79	ലക്ഷം രൂപ
1983-84	85 49	,,
1984-85	74.58	,,
1985-86	121.96	,,

LIBRARY ARCHIVES Kerala Legislative Assembly